**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1337** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ-ഹയർ സെക്കൻഡറി ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈസ്കൂൾ-ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലകളെ ലയിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി സ്പെഷ്യൽ റൂൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 12-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണത്തിന്റേയും ഏകോപനത്തിന്റെയും ഭാഗമായി നിലവിലുണ്ടായിരുന്ന 3 ഡയറക്ടറേറ്റുകളും സംയോജിപ്പിക്കുകയും ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യുക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിക്കുകയും ചെയ്തു. കൂടാതെ ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ എന്ന അധികാര സ്ഥാനം ഐ.എ.എസ് കേഡറിൽ സ്ഥാപിക്കുകയും ചെയ്തു. നിലവിൽ ഏകീകരണത്തിന്റെ തുടർ നടപടിയുടെ ഭാഗമായി ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ രൂപികരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി 23.02.2022 ലെ സ.ഉ(സാധാ)നം.1030/2022/പൊ.വി.വ പ്രകാരം ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഏകീകരണത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഹൈസ്കൂൾ-ഹയർ സെക്കന്ററി ഏകീകരണത്തോടെ 50 ലക്ഷം വിദ്യാർത്ഥികൾ ഒരു ഭരണ സംവിധാനത്തിനു കീഴിലേക്ക് വരുകയും തൻമൂലം ഭരണ പ്രതിസന്ധികൾ ഇല്ലാതാവുകയും ചെയ്യും. അക്കാദമികമായ കാര്യങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലൂടെ നടപ്പിലാക്കുമ്പോൾ ഏകമാനത സാധ്യമാവുകയും കാര്യക്ഷമത വർധിക്കുകയും ചെയ്യും. ഒരു സ്കൂളിലെ വിവിധ തലങ്ങളെ ഒരു ഡയറക്ടർ നിയന്ത്രിക്കുന്നതു വഴി ഒരു സ്ഥാപനത്തിന്റെ ഭരണ നിയന്ത്രണത്തിനായി ഒറ്റ അധികാര കേന്ദ്രം എന്ന അവസ്ഥ സംജാതമാകുന്നു. അധികാര തർക്കങ്ങളില്ലാതെ ഭരണ-നിർവ്വഹണം കാര്യക്ഷമമാകുന്നു. ഫണ്ടുകൾ ഏറ്റവും പ്രയോജനപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നു. ശരിയായ പഠന പിന്തുണ ഉറപ്പുവരുത്താൻ കഴിയുന്നു. വ്യത്യസ്ത ഡയറക്ടർമാർ നൽകുന്ന |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ പരസ്പര പൂരകമാകാത്തത് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. അതുകൊണ്ട് തന്നെ ഒരു ഡയറക്ടർ എടുക്കുന്ന തീരുമാനങ്ങൾ വിദ്യാലയത്തിന് ഗുണപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. സ്കൂളിലെ മുഴുവൻ അദ്ധ്യാപകരുടെയും സേവനം പൊതുശാക്തീകരണത്തിനു വിനിയോഗിക്കാൻ കഴിയുന്നു. സ്കൂളിലെ എല്ലാതരം ഭൗതിക സാഹചര്യങ്ങളും പൊതുവായി എല്ലാ കുട്ടികൾക്കും ഉപയോഗിക്കത്തക്ക രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നു. സ്കൂൾ ഭരണത്തിൽ ഫലപ്രദായ ഏകോപനം സാധ്യമാകുന്നു. വിവിധ തലങ്ങളിലെ അദ്ധ്യാപകർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ അഭിസംബോധന ചെയ്യുന്നതിന് എളുപ്പത്തിൽ സാധ്യമാകുന്നു. |
| (സി) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠന സമ്പ്രദായം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ ഈ നടപടിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഖാദർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ